| 27-04-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- നിങ്ങൾ വന്നിരിക്കുന്നത് അച്ഛനിൽ നിന്നും ആരോഗ്യം, സമ്പത്ത്, സന്തോഷം എന്നീ സമ്പത്തുക്കൾ നേടാനാണ്, ഈശ്വരീയ മതപ്രകാരം നടക്കുന്നതിലൂടെ തന്നെയാണ് അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കുന്നത്.**

**ചോദ്യം:-** ബാബ എല്ലാ കുട്ടികൾക്കും വികല്പങ്ങളെ വിജയിക്കുന്നതിന് വേണ്ടി ഏതൊരു യുക്തിയാണ് പറഞ്ഞുതരുന്നത്?
**ഉത്തരം:-** വികല്പങ്ങളെ വിജയിക്കുന്നതിന് വേണ്ടി സ്വയം ആത്മാവാണെന്നു മനസ്സിലാക്കി സഹോദര-സഹോദര ദൃഷ്ടിയോടെ കാണൂ. ശരീരത്തെ കാണുമ്പോഴാണ് വികല്പങ്ങളുണ്ടാകുന്നത്, അതിനാൽ ഭൃകുടിയിൽ സഹോദര ആത്മാവിനെ കാണൂ. പാവനമായി മാറണമെങ്കിൽ ഈ ദൃഷ്ടി പക്കയാക്കൂ. നിരന്തരം പതിതപാവനനായ അച്ഛനെ ഓർമ്മിക്കൂ. ഓർമ്മയിലൂടെയേ കറ ഇളകൂ, സന്തോഷത്തിന്റെ രസം ഉയരൂ ഒപ്പം വികല്പത്തിനുമേൽ വിജയം പ്രാപ്തമാകൂ.

**ഓം ശാന്തി.** ശിവഭഗവാന്റെ വാക്കുകളാണ് തന്റെ സാളിഗ്രാമങ്ങളെ പ്രതി. ശിവഭഗവാന്റെ വാക്കുകളാണെങ്കിൽ തീർച്ചയായും ശരീരം ഉണ്ടാകും എങ്കിലല്ലേ സംസാരിക്കൂ. സംസാരിക്കുന്നതിന് മുഖം തീർച്ചയായും വേണം. എങ്കിൽ കേൾക്കുന്നവർക്ക് തീർച്ചയായും കാതും വേണം. ആത്മാവിന് കാതും മുഖവും വേണം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈശ്വരീയ മതം ലഭിക്കുകയാണ്. ഇതിനെയാണ് രാമന്റെ മതം എന്നു പറയുന്നത്. ബാക്കിയുള്ളവർ രാവണ മതത്തിലാണ്. ഈശ്വരീയ മതവും ആസുരീയ മതവും. ഈശ്വരീയ മതം അരകല്പം നടക്കുന്നു. അച്ഛൻ ഈശ്വരീയ മതം നൽകി നിങ്ങളെ ദേവതയാക്കുന്നു പിന്നീട് സത്യ ത്രേതായുഗങ്ങളിൽ ആ മതമാണ് നടന്നുവരുന്നത്. അവിടെ ജന്മമെടുക്കുന്നത് കുറച്ചുപേരാണ് എന്തെന്നാൽ യോഗികളാണ്. ദ്വാപര കലിയുഗങ്ങളിൽ രാവണ മതമാണ്, ഇവിടെ ജന്മവും കൂടുതലാണ്, എന്തുകൊണ്ടെന്നാൽ ഭോഗികളാണ്, അതിനാൽ ആയുസ്സും വളരെ കുറവാണ്. വളരെ അധികം സമ്പ്രദായങ്ങളുണ്ട് അതിനനുസരിച്ച് ദുഃഖവും കൂടുതലാണ്. രാമന്റെ മതത്തിലുള്ളവർ പിന്നീട് രാവണ മതവുമായി കൂടിക്കലരുന്നു. അതിനാൽ മുഴുവൻ ലോകത്തിലും രാവണ മതമാകുന്നു. പിന്നീട് അച്ഛൻ വന്ന് എല്ലാവർക്കും രാമന്റെ മതം നൽകുന്നു. സത്യയുഗത്തിൽ രാമന്റെ മതമാണ്, ഈശ്വരീയ മതമാണ്. അതിനെയാണ് സ്വർഗ്ഗം എന്നു പറയുന്നത്. ഈശ്വരീയ മതം ലഭിക്കുന്നതിലൂടെ സ്വർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാകുന്നു അരകല്പത്തിലേയ്ക്കായി. അത് എപ്പോൾ പൂർത്തിയാകുന്നുവോ അപ്പോൾ രാവണ രാജ്യമുണ്ടാകുന്നു, അതിനെയാണ് പറയുന്നത് ആസുരീയ മതം. ഇപ്പോൾ തന്നോടുതന്നെ ചോദിക്കൂ- ഞങ്ങൾ ആസുരീയ മതത്തിലൂടെ എന്താണ് ചെയ്തുകൊണ്ടിരുന്നത്? ഈശ്വരീയ മതത്തിലൂടെ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? മുമ്പ് നരകവാസിയായിരുന്നു പിന്നീട് സ്വർഗ്ഗവാസിയാവുകയാണ്- ശിവാലയത്തിൽ. സത്യത്രേതായുഗങ്ങളെ ശിവാലയം എന്നാണ് വിളിക്കുന്നത്. ആരിലൂടെയാണോ സ്ഥാപനയായത് അവരുടെ പേരാണ് തീർച്ചയായും വെയ്ക്കുന്നത്. അതിനാൽ അതാണ് ശിവാലയം, അവിടെ ദേവതകളാണ് വസിക്കുന്നത്. രചയിതാവായ അച്ഛനാണ് നിങ്ങൾക്ക് ഈ കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നത്. എന്താണ് രചിക്കുന്നത്- അതും നിങ്ങൾ കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ട്. മുഴുവൻ രചനയും ഇപ്പോൾ അവരെ വിളിക്കുകയാണ്- അല്ലയോ പതിത പാവനാ അല്ലയോ മുക്തിദായകാ, രാവണ രാജ്യത്തിൽ നിന്ന് അഥവാ ദുഃഖത്തിൽ നിന്നും രക്ഷിക്കുന്നവനേ. ഇപ്പോൾ നിങ്ങൾക്ക് സുഖം എന്താണ് എന്നത് മനസ്സിലായി അതിനാലാണ് ഇത് ദുഃഖമാണ് എന്നത് മനസ്സിലാക്കുന്നത്. ഇല്ലെങ്കിൽ ആരെങ്കിലും ഇതിനെ ദുഃഖമാണെന്ന് മനസ്സിലാക്കുമോ. ബാബ നോളേജ്ഫുള്ളാണ്, മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്, അതുപോലെ നിങ്ങളും നോളേജ്ഫുള്ളാകുന്നു. ബീജത്തിൽ വൃക്ഷത്തിന്റെ ജ്ഞാനമുണ്ടാകുമല്ലോ. പക്ഷേ അത് ജഢമാണ്. അഥവാ ചൈതന്യമാണെങ്കിൽ പറയുമായിരുന്നു. നിങ്ങൾ ചൈതന്യവൃക്ഷത്തിലേതാണ് അതിനാൽ വൃക്ഷത്തേയും അറിയുന്നു. ബാബയെ പറയുന്നത് മനുഷ്യ സൃഷ്ടിയുടെ ബീജരൂപം, സത്ചിത് ആനന്ദസ്വരൂപം എന്നാണ്. ഈ വൃക്ഷത്തിന്റെ ഉത്പത്തിയും പാലനയും എങ്ങനെയാണ് ഉണ്ടാകുന്നത്, ഇത് ആർക്കും അറിയില്ല. പുതിയ വൃക്ഷം ഉണ്ടാകുന്നു, അങ്ങനെയല്ല. ഇതും ബാബ മനസ്സിലാക്കിത്തന്നു പഴയ വൃക്ഷത്തിലുള്ള മനുഷ്യർ വിളിക്കുകയാണ് വന്ന് രാവണനിൽ നിന്നും രക്ഷിക്കൂ എന്ന് പറഞ്ഞ് എന്തുകൊണ്ടെന്നാൽ ഈ സമയം രാവണ രാജ്യമാണ്. മനുഷ്യർ രചയിതാവിനേയോ രചനയേയോ അറിയുന്നില്ല. ബാബ സ്വയം പറയുന്നു ഞാൻ ഒരേ ഒരു തവണയാണ് സ്വർഗ്ഗം നിർമ്മിക്കുന്നത്. സ്വർഗ്ഗത്തിനുശേഷം അത് നരകമായി മാറുന്നു. രാവണൻ വരുന്നതിലൂടെ വാമ മാർഗ്ഗത്തിലേയ്ക്ക് പോകുന്നു. സത്യയുഗത്തിൽ ആരോഗ്യം സമ്പത്ത് സന്തോഷം എല്ലാമുണ്ടായിരുന്നു. നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് അച്ഛനിൽ നിന്നും സമ്പത്ത് നേടുന്നതിനുവേണ്ടിയാണ്- ആരോഗ്യം, സമ്പത്ത്, സന്തോഷത്തിന്റെ സമ്പത്ത് എന്തുകൊണ്ടെന്നാൽ

സ്വർഗ്ഗത്തിൽ ഒരിയ്ക്കലും ദുഃഖം ഉണ്ടാകില്ല. നിങ്ങളുടെ മനസ്സിലുണ്ട് നമ്മൾ കല്പ കല്പം പുരുഷോത്തമ സംഗമയുഗത്തിൽ പുരുഷാർത്ഥം ചെയ്യുന്നു. പേരുതന്നെ എത്ര നല്ലതാണ്. ബാക്കി ഏതെങ്കിലും യുഗത്തെ പുരുഷോത്തമം എന്ന് പറയാറുണ്ടോ. അതിലെല്ലാം ഏണിപ്പടി താഴേയ്ക്കിറങ്ങുന്നു. അച്ഛനെ വിളിക്കുന്നുമുണ്ട്, സമർപ്പണവും ചെയ്യുന്നു. പക്ഷേ ബാബ എപ്പോഴാണ് വരുക എന്നത് അറിയില്ല. ഓ ഗോഡ്ഫാദർ രക്ഷിക്കൂ, വഴികാട്ടിയാകൂ എന്നുപറഞ്ഞ് വിളിക്കുന്നുണ്ട്. മുക്തിദാതാവാകുകയാണെങ്കിൽ തീർച്ചയായും വരേണ്ടി വരും. പിന്നീട് വഴികാട്ടിയായി കൂടെക്കൊണ്ടുപോകേണ്ടി വരും. അച്ഛൻ കുട്ടികളെ വളരെ ദിവസങ്ങൾക്കുശേഷം കാണുകയാണെങ്കിൽ വളരെ സന്തുഷ്ടനാകുന്നു. അതാണ് പരിധിയുള്ള അച്ഛൻ. ഇതാണ് പരിധിയില്ലാത്ത അച്ഛൻ. ബാബ രചയിതാവാണ്. രചിച്ചശേഷം അതിന്റെ പാലനയും ചെയ്യുന്നു. പുനർജന്മം എടുക്കുകതന്നെ വേണം. ചിലർക്ക് 10, ചിലർക്ക് 12 മക്കളുണ്ടാകും, പക്ഷേ അതെല്ലാം പരിധിയുള്ള സുഖമാണ്, അത് കാക്കാ കാഷ്ടത്തിനു സമാനമാണ്. തമോപ്രധാനമായി മാറുന്നു. തമോപ്രധാനത്തിൽ നിന്നും ലഭിക്കുന്നത് വളരെ കുറച്ച് സുഖമാണ്. സതോപ്രധാനമായി മാറുന്നതിനുള്ള യുക്തി ബാബ വന്ന് പറഞ്ഞുതരുന്നു. ബാബയെ സർവ്വശക്തിവാൻ എന്നാണ് പറയുന്നത്. മനുഷ്യർ കരുതുന്നത് ഭഗവാൻ സർവ്വശക്തിവാനാണ് അതിനാൽ എന്ത് ആഗ്രഹിക്കുന്നുവോ അത് ചെയ്യാൻ സാധിക്കുമെന്ന്. മരിച്ചവരെ ജീവിപ്പിക്കാൻ സാധിക്കും. ഒരു തവണ ആരോ എഴുതി- താങ്കൾ ഭഗവാനാണെങ്കിൽ ഈച്ചയെ ജീവിപ്പിച്ചു കാണിച്ചുതരൂ. ഇങ്ങനെ അനേകം ചോദ്യങ്ങൾ ചോദിക്കുന്നു.

നിങ്ങൾക്ക് അച്ഛൻ ശക്തി നൽകുന്നു, ഇതിലൂടെ നിങ്ങൾ രാവണനുമേൽ വിജയം നേടുന്നു. കുരങ്ങനിൽ നിന്നും ക്ഷേത്രത്തിൽ ഇരിക്കുന്നതിന് യോഗ്യരാക്കി മാറ്റുന്നു. അവർ പിന്നീട് എന്തെല്ലാമാണ് ഉണ്ടാക്കിയത്. വാസ്തവത്തിൽ നിങ്ങൾ സീതമാരെല്ലാവരും ഭക്തരാണ്. നിങ്ങൾ എല്ലാവരേയും രാവണനിൽ നിന്നും മോചിപ്പിക്കുകയാണ്. രാവണനിലൂടെ നിങ്ങൾക്ക് ഒരിയ്ക്കലും സുഖം ലഭിക്കില്ല. ഈ സമയത്ത് എല്ലാവരും രാവണന്റെ ജയിലിലാണ്. രാമന്റെ ജയിലിൽ എന്നു പറയില്ല. രാമൻ വരുന്നത് രാവണന്റെ ജയിലിൽ നിന്നും മോചിപ്പിക്കാനാണ്. രാവണനെ 10 തലയോടുകൂടിയാണ് ഉണ്ടാക്കുന്നത്. അവർക്ക് 20 കൈകൾ കാണിക്കുന്നു. അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട് 5 വികാരങ്ങൾ പുരുഷനിലും 5 വികാരങ്ങൾ സ്ത്രീയിലും ഉണ്ട്. അതിനെയാണ് രാവണരാജ്യം അല്ലെങ്കിൽ 5 വികാരങ്ങളാകുന്ന മായയുടെ രാജ്യം എന്നു പറയുന്നത്. ഇവരുടെ അടുത്ത് വളരെ അധികം മായയുണ്ട് എന്ന് പറയാറില്ലേ. മായയുടെ ലഹരി കയറിയിരിക്കുകയാണ്, എന്ന് പറയില്ലേ. ധനത്തെ മായ എന്നു പറയില്ല. ധനത്തെ സമ്പത്ത് എന്നാണ് പറയുന്നത്. നിങ്ങൾ കുട്ടികൾക്ക് വളരെ അധികം സമ്പത്ത് ലഭിക്കുന്നു. നിങ്ങൾക്ക് ഒന്നും യാചിക്കേണ്ട ആവശ്യമില്ല എന്തെന്നാൽ ഇത് പഠിപ്പാണ്. പഠിപ്പിൽ യാചിക്കേണ്ടതുണ്ടോ! ടീച്ചർ എന്ത് പഠിപ്പിക്കുന്നുവോ അത് കുട്ടികൾ പഠിക്കും. ആര് എത്രത്തോളം പഠിക്കുന്നുവോ അത്രത്തോളം നേടും. യാചിക്കേണ്ട ആവശ്യമില്ല. ഇതിൽ പവിത്രതയും ആവശ്യമാണ്. ഒരു വാക്കിന്റെ പോലും മൂല്യം നോക്കൂ എത്രയാണ്. കോടാനുകോടികൾ. അച്ഛനെ തിരിച്ചറിയൂ, ഓർമ്മിക്കൂ. അച്ഛൻ തിരിച്ചറിവ് നൽകിയിട്ടുണ്ട് - എങ്ങനെ ആത്മാവ് ബിന്ദുവാണോ അതുപോലെ ഞാൻ ആത്മാവും ബിന്ദുവാണ്. ബാബ സദാ പവിത്രമാണ്. ശാന്തി, ജ്ഞാനം, പവിത്രതയുടെ സാഗരമാണ്. ഒരാളുടെ തന്നെ മഹിമയാണ്. ഒരോരുത്തർക്കുമുള്ള സ്ഥാനം വേറെ വേറെയായിരിക്കും. നാടകം ഉണ്ടാക്കിയിട്ടുണ്ട്- കണ കണങ്ങളിൽ ഭഗവാൻ, ആരെല്ലാം നാടകം കണ്ടോ അവർക്ക് അറിയാം. ആരാണോ മഹാവീരന്മാരായ കുട്ടികൾ അവരോട് ബാബ പറയുന്നു നിങ്ങൾ എവിടേയ്ക്ക് വേണമെങ്കിലും പൊയ്ക്കോളൂ, കേവലം സാക്ഷിയായി എല്ലാം കാണണം.

ഇപ്പോൾ നിങ്ങൾ കുട്ടികൾ രാമരാജ്യം സ്ഥാപിച്ച് രാവണ രാജ്യത്തെ നശിപ്പിക്കുകയാണ്. ഇത് പരിധിയില്ലാത്ത കാര്യമാണ്. അവർ പരിധിയുള്ള കഥകളാണ് ഉണ്ടാക്കിയിരിക്കുന്നത്. നിങ്ങളാണ് ശിവശക്തി സേനകൾ. ശിവബാബ സർവ്വശക്തിവാനല്ലേ. ശിവനിൽ നിന്നും ശക്തി എടുക്കുന്ന ശിവന്റെ സേനകൾ നിങ്ങളാണ്. അവരും പിന്നീട് ശിവസേന എന്ന് പേരുവെച്ചിട്ടുണ്ട്. ഇപ്പോൾ നിങ്ങൾക്ക് എന്താ പേരുവെക്കുക. നിങ്ങൾക്ക് പേരുവെച്ചിട്ടുണ്ട്- പ്രജാപിതാ ബ്രഹ്മാകുമാർ-കുമാരിമാർ. എല്ലാവരും ശിവബാബയുടെ സന്താനങ്ങളാണ്. മുഴുവൻ ലോകത്തിലേയും ആത്മാക്കൾ ബാബയുടെ കുട്ടികളാണ്. ശിവനിൽ നിന്നും നിങ്ങൾക്ക് ശക്തി ലഭിക്കുന്നു. ശിവബാബ നിങ്ങൾക്ക് ജ്ഞാനം നൽകുന്നു, ഇതിലൂടെ നിങ്ങൾക്ക് ഇത്രയും ശക്തി ലഭിക്കുന്നു അതിനാൽ അരകല്പം നിങ്ങൾ മുഴുവൻ വിശ്വത്തിലും രാജ്യം ഭരിക്കുന്നു. ഇത് നിങ്ങളുടെ യോഗബലത്തിന്റെ ശക്തിയാണ്. ബാക്കി അവരുടേത് ബാഹുബലത്തിന്റെ ശക്തിയാണ്. ഭാരതത്തിലെ പ്രാചീന രാജയോഗത്തെക്കുറിച്ച് പാടിയിട്ടുണ്ട്. ഏത് യോഗത്തിലൂടെയാണോ സ്വർഗ്ഗം സ്ഥാപിക്കപ്പെട്ടത് ആ ഭാരതത്തിന്റെ യോഗം പഠിക്കണം എന്ന് ആഗ്രഹിക്കുന്നുണ്ട്. പറയുന്നുണ്ട്- ക്രിസ്തുവിന് ഇത്രയും വർഷം മുമ്പ് സ്വർഗ്ഗമായിരുന്നു. അത് എങ്ങനെയാണ് ഉണ്ടായത്? യോഗത്തിലൂടെ. നിങ്ങൾ പ്രവൃത്തീ മാർഗ്ഗത്തിലുള്ള സന്യാസിമാരാണ്. അവരാണെങ്കിൽ വീട് ഉപേക്ഷിച്ച് കാട്ടിലേയ്ക്ക് പോകുന്നു. ഡ്രാമ

അനുസരിച്ച് എല്ലാവർക്കും അവരവരുടെ പാർട്ട് ലഭിച്ചിട്ടുണ്ട്. ഇത്രയും ചെറിയ ബിന്ദുവിൽ എത്രത്തോളം പാർട്ടാണ് നിറഞ്ഞിരിക്കുന്നത്, ഇതിനെ അത്ഭുതം എന്നാണ് പറയുക. ബാബ സദാ ശക്തിമാനും സ്വർണ്ണിമ യുഗിയുമാണ്, ഇപ്പോൾ നിങ്ങൾ ബാബയിൽ നിന്നും ശക്തി എടുക്കുകയാണ്. ഇതും ഡ്രാമയിൽ ഉള്ളതാണ്. ആയിരം സൂര്യന്മാരെക്കാൾ തേജോമയമാണ്, ഇങ്ങനെയല്ല. ആരിൽ എന്ത് ഭാവമാണോ ഉള്ളത് ആ ഭാവനയോടെയാണ് ഭഗവാനെ നോക്കുന്നത്. കണ്ണഞ്ചിപ്പോകുന്നു, മതി നിർത്തൂ, എനിക്ക് സഹിക്കാൻ കഴിയുന്നില്ല. ബാബ പറയുന്നു ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ സംസ്ക്കാരമാണ്. ഇത് ജ്ഞാനമാണ്, ഇവിടെ പഠിക്കണം. അച്ഛൻ ടീച്ചറുമാണ്, പഠിപ്പിക്കുകയാണ്. നമ്മളോട് പറയുന്നു നിങ്ങൾക്ക് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണം. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് മോശമായത് കേൾക്കരുത്.......മനുഷ്യർക്ക് അറിയില്ല ഇത് ആരാണ് പറഞ്ഞത്, ആദ്യം കുരങ്ങന്മാരുടെ ചിത്രം ഉണ്ടാക്കിയിരുന്നു. ഇപ്പോൾ മനുഷ്യരുടെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ബാബയും നളിനി എന്ന പെൺകുട്ടിയുടെ ചിത്രം ഉണ്ടാക്കിയിരുന്നു. ഭക്തർക്ക് ഭക്തിയുടെ ലഹരി എത്രത്തോളമാണ്. ഭക്തിയുടെ രാജ്യമല്ലേ. ഇപ്പോൾ ജ്ഞാനത്തിന്റെ രാജ്യം ഉണ്ടാവുകയാണ്. വ്യത്യാസമുണ്ടാകും. കുട്ടികൾക്ക് അറിയാം ജ്ഞാനത്തിലൂടെ അളവറ്റ സുഖം ലഭിക്കും. പിന്നീട് ഭക്തിയിലൂടെ ഏണിപ്പടികൾ താഴേയ്ക്ക് ഇറങ്ങുന്നു. ആദ്യം നമ്മൾ സത്യയുഗത്തിലേയ്ക്ക് പോകുന്നു പിന്നീട് താഴേയ്ക്കിറങ്ങുന്നു. 1250 വർഷങ്ങൾക്കുള്ളിൽ രണ്ട് കലകൾ കുറയുന്നു. ചന്ദ്രനെപ്പോലെയാണ്. ചന്ദ്രന് ഗ്രഹണം ബാധിക്കുന്നു. കലകൾ കുറയാൻ തുടങ്ങും പിന്നീട് പതുക്കെ പതുക്കെ കലകൾ വർദ്ധിച്ചുവരും എന്നിട്ട് 16 കലയിലെത്തും. അത് അല്പകാലത്തിലെ കാര്യമാണ്. ഇത് പരിധിയില്ലാത്ത കാര്യമാണ്. ഈ സമയത്ത് എല്ലാവരിലും രാഹുവിന്റെ ഗ്രഹണം ബാധിച്ചിരിക്കുന്നു. ഉയർന്നതിലും ഉയർന്നതാണ് ബൃഹസ്പതി ദശ. ഏറ്റവും താഴെയുള്ളതാണ് രാഹുവിന്റെ ദശ. തീർത്തും പാപ്പരാക്കി മാറ്റുന്നു. ബൃഹസ്പതീ ദശയുള്ളതിനാൽ നമ്മൾ ഉയരുന്നു. അവർക്ക് പരിധിയില്ലാത്ത അച്ഛനെ അറിയുകയില്ല. ഇപ്പോൾ എല്ലാവരിലും രാഹുവിന്റെ ദശയാണ്. ഇത് നിങ്ങൾ അറിയുന്നു ബാക്കി ആരും അറിയുന്നില്ല. രാഹുവിന്റെ ദശയാണ് പാപ്പരാക്കി മാറ്റുന്നത്. ബൃഹസ്പതിയുടെ ദശയിലൂടെ ധനവാനായി മാറുന്നു. ഭാരതം എത്ര സമ്പന്നമായിരുന്നു. ഒരേ ഒരു ഭാരതമേ ഉണ്ടായിരുന്നുള്ളൂ. സത്യയുഗത്തിൽ രാമരാജ്യം, പവിത്ര രാജ്യമായിരുന്നു, അതിന്റെ മഹിമയാണ് പാടുന്നത്. അപവിത്രമായ രാജ്യത്തിലുള്ളവർ പാടുന്നു ഞങ്ങൾ നിർഗുണരാണ് ഞങ്ങളിൽ ഒരു ഗുണവുമില്ല...... ഇങ്ങനെയുള്ള സംഘടനകളും ഉണ്ടായിട്ടുണ്ട്– നിർഗുണ സംഘടന. ഇന്ന് ഈ മുഴുവൻ ലോകവും നിർഗുണ സംഘടനയാണ്. ഒരാളുടെ കാര്യമല്ല. കുട്ടികളെ എപ്പോഴും മഹാത്മാവ് എന്നാണ് പറയുന്നത്. നിങ്ങൾ പിന്നീട് പറയുന്നു ഒരു ഗുണവുമില്ല. മുഴുവൻ ലോകത്തിന്റേയും കാര്യമാണിത്, ഇതിൽ ഒരു ഗുണവുമില്ല കാരണം രാഹുവിന്റെ ദശ ബാധിച്ചിരിക്കുന്നു. ഇപ്പോൾ അച്ഛൻ പറയുന്നു ദാനം നൽകൂ എങ്കിൽ ഗ്രഹണം ഇല്ലാതാകും. ഇപ്പോൾ എല്ലാവർക്കും പോകണമല്ലോ. ദേഹ സഹിതം ദേഹത്തിന്റെ മുഴുവൻ ധർമ്മങ്ങളേയും ഉപേക്ഷിക്കൂ. സ്വയം ആത്മാവാണെന്ന നിശ്ചയം ചെയ്യൂ. നിങ്ങൾക്ക് ഇപ്പോൾ തിരിച്ചു പോകണം. പവിത്രമല്ലാത്ത കാരണത്താൽ ആർക്കും തിരിച്ച് പോകാൻ സാധിക്കില്ല. ഇപ്പോൾ അച്ഛൻ പവിത്രമായി മാറുന്നതിനുള്ള യുക്തികൾ പറഞ്ഞുതരുന്നു. പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കൂ. ചിലർ പറയുന്നു ബാബാ ഞങ്ങൾ മറന്നുപോകുന്നു. അച്ഛൻ പറയുന്നു– മധുരമായ കുട്ടികളേ, പതിത പാവനനായ അച്ഛനെ മറന്നുപോയാൽ നിങ്ങൾ എങ്ങനെ പാവനമായി മാറും? ബാബ എന്താണ് പറയുന്നത് എന്ന് ചിന്തിക്കൂ? മൃഗം പോലും പറയില്ല ഞങ്ങൾ അച്ഛനെ മറന്നുപോകുന്നുവെന്ന്. നിങ്ങൾ എന്താണ് പറയുന്നത്! ഞാൻ നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനാണ്, നിങ്ങൾ വന്നിരിക്കുന്നത് പരിധിയില്ലാത്ത സമ്പത്ത് നേടാനാണ്. നിരാകാരനായ അച്ഛൻ സാകാരത്തിൽ വരുമ്പോഴാണ് പഠിപ്പിക്കുക. ഇപ്പോൾ അച്ഛൻ ബ്രഹ്മാവിൽ പ്രവേശിച്ചിരിക്കുന്നു. ഇത് ബാപ്ദാദയാണ്. രണ്ടുപേരുടേയും ആത്മാവ് ഈ ഭൃകുടിയ്ക്ക് നടുവിലുണ്ട്. നിങ്ങൾ വിളിക്കുന്നത് ബാപ്ദാദാ എന്നാണ് എങ്കിൽ തീർച്ചയായും രണ്ട് ആത്മാക്കളും ഉണ്ടാകും. ശിവബാബയും ബ്രഹ്മാബാബയുടെ ആത്മാവും. നിങ്ങൾ എല്ലാവരും പ്രജാപിതാ ബ്രഹ്മാകുമാർ കുമാരിമാരാണ്. ജ്ഞാനം ലഭിച്ചതിനാൽ നിങ്ങൾക്ക് അറിയാം നമ്മൾ സഹോദരങ്ങളാണ്. പിന്നീട് പ്രജാപിതാ ബ്രഹ്മാവിലൂടെ നമ്മൾ സഹോദരീ സഹോദരങ്ങളാണ്. ഈ ഓർമ്മ പക്കയായിരിക്കണം. പക്ഷേ ബാബ കാണുന്നുണ്ട് സഹോദരീ സഹോദരന്മാർക്കിടയിലും നാമ രൂപങ്ങളുടെ ആകർഷണങ്ങൾ ഉണ്ടാകുന്നു. ഒരുപാടുപേർക്ക് വികല്പങ്ങൾ ഉണ്ടാകുന്നു. നല്ല ശരീരം കണ്ട് വികല്പം ഉണ്ടാകുന്നു. ഇപ്പോൾ അച്ഛൻ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി സഹോദര ദൃഷ്ടിയിൽ നോക്കൂ. ആത്മാക്കൾ എല്ലാവരും സഹോദരങ്ങളാണ്. സഹോദരങ്ങളാണെങ്കിൽ തീർച്ചയായും അച്ഛൻ വേണം. എല്ലാവരുടേയും അച്ഛൻ ഒന്നാണ്. എല്ലാവരും അച്ഛനെ ഓർമ്മിക്കുന്നു. ഇപ്പോൾ അച്ഛൻ പറയുന്നു സതോപ്രധാനമായി മാറണമെങ്കിൽ എന്നെ മാത്രം ഓർമ്മിക്കൂ. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രത്തോളം കറ ഇളകും, സന്തോഷത്തിന്റെ അതിര് കടക്കും അതിനോടൊപ്പം ആകർഷണവും ഉണ്ടാകും. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) പഠിപ്പിൽ പൂർണ്ണ ശ്രദ്ധ നൽകി സ്വയം സമ്പന്നനായി മാറണം. ഒന്നും യാചിക്കരുത്. ഒരേ ഒരു ബാബ യുടെ ഓർമ്മയും പവിത്രതയും ധാരണ ചെയ്ത് കോടാനുകോടികൾക്ക് അധിപതിയാകണം.

2) രാഹുവിന്റെ ഗ്രഹണത്തിൽ നിന്ന് മുക്തമാകുന്നതിനായി വികാരങ്ങളെ ദാനം ചെയ്യണം. മോശമായത് കേൾക്കരുത്.... ഏത് കാര്യങ്ങളാലാണോ ഏണിപ്പടിയിൽ താഴേയ്ക്കിറങ്ങിയത്, ഗുണമില്ലാത്തവരായി മാറി യത്, അതിനെ ബുദ്ധികൊണ്ട് മറക്കണം.

## വരദാനം:- “ആദ്യം താങ്കൾ” ഈ മന്ത്രത്തിലൂടെ സർവ്വരുടേയും സ്വമാനം പ്രാപ്തമാക്കുന്ന വിനയചിത്തരും മഹാനരുമായി ഭവിക്കൂ

ഈ മഹാമന്ത്രം സദാ ഓർമ്മയുണ്ടായിരിക്കണം “വിനയം തന്നെയാണ് ഏറ്റവും മഹത്തരം”. “ആദ്യം താങ്കൾ” എന്നത് തന്നെയാണ് സർവ്വരുടേയും സ്വമാനം പ്രാപ്തമാക്കുന്നതിന്റെ ആധാരം. മഹാനാകുന്ന തിന്റെ ഈ മന്ത്രം വരദാന രൂപത്തിൽ സദാ കൂടെ വയ്ക്കണം. വരദാനങ്ങളാൽ തന്നെ പാലിക്കപ്പെട്ട്, പറ ന്നുകൊണ്ട് ലക്ഷ്യത്തിൽ എത്തിച്ചേരണം. പരിശ്രമം അപ്പോഴാണ് ഉണ്ടാകുന്നത് എപ്പോഴാണോ വരദാ നത്തെ കാര്യത്തിൽ ഉപയോഗിക്കാത്തത്. അഥവാ വരദാനങ്ങളാൽ പാലിതരായി, വരദാനങ്ങളെ കാര്യ ത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ പരിശ്രമം അവസാനിക്കും. സദാ സഫലതയുടേയും സന്തുഷ്ടതയുടേയും അനുഭവം ചെയ്തുകൊണ്ടിരിക്കും.

## സ്ലോഗൻ:- മുഖത്തിലൂടെ സേവനം ചെയ്യുന്നതിന് വേണ്ടി തന്റെ പുഞ്ചിരിച്ചതും രമണീ കവും ഗംഭീരവുമായ സ്വരൂപം പ്രത്യക്ഷമാക്കൂ.